# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1199      02.03.2017 -ലെ മറുപടിയ്ക്ക്

**ബി.എഡ്. /എം.എഡ് കോഴ്സിന്റെ കാലാവധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ബി.എഡ്. /എം.എഡ് കോഴ്സിന്റെ കാലാവധി ഒരു വർഷം എന്നത് രണ്ട് വർഷമായി മാറ്റിയതുകൊണ്ട് ഈ മേഖലയിൽ കടന്നുവരുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ; | (എ) | അഡ്മിഷൻ തേടുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. |
| (ബി) | ഡിഗ്രി + ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ കോളേജുകളിൽ (സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഉൾപ്പെടെ) ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) (സി) & (ഡി) | കേരള സർവ്വകലാശാലയിൽ ഡിഗ്രി + ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ കോളേജുകളിൽ (സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഉൾപ്പെടെ) ആരംഭിക്കുന്നതിനുള്ള നടപടികൾ അക്കാദമിക് സമിതികൾ ആരംഭിച്ചിട്ടുണ്ട്.<br>അക്കാദമിക് സമിതികളുടെ നിർദ്ദേശങ്ങൾ അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതായി കേരള സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.<br>കണ്ണൂർ സർവ്വകലാശാല, ഡിഗ്രി + ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്ന് അറിയിച്ചിട്ടുണ്ട്.<br>സർക്കാർ നിരാക്ഷേപപത്രം (എൻ ഒ സി) പുറപ്പെടുവിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണെന്ന് എം.ജി. സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.<br>നിലവിലെ ചട്ടപ്രകാരം പ്രസ്തുത കോഴ്സ് അനുവദിക്കാവുന്നതല്ല എന്ന് കാലിക്കറ്റ് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് യൂണിവേഴ്സിറ്റികളുടെ അഭിപ്രായം ചോദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മറുപടി ലഭ്യമായോ; മറുപടി വിശദമാക്കാമോ; | | |
| (ഡി) | മറുപടി നൽകാത്ത യൂണിവേഴ്സിറ്റികളിൽ നിന്നും അത് ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ